പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2822.

20.06.2013 ൽ മറുപടിക്ക്

**അട്ടപ്പാടി മേഖലയിലെ റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.കെ. ബാലൻ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) അട്ടപ്പാടി മേഖലയിലെ റേഷൻകട കളിൽ നിന്നും നിശ്ചയിക്കപ്പെട്ട അളവിൽ ഭക്ഷ്യധാന്യം ആദിവാസി കൾക്ക് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; | (എ) | ഉണ്ട്. പരാതി ലഭിച്ച റേഷൻകടകളടക്കം എല്ലാ റേഷൻ കടകളിലും പരിശോധന നടത്തി, 26 റേഷൻകടകളിൽ ക്രമക്കേടു കൾ കണ്ടെത്തുകയും അതിന്റെ അടി സ്ഥാനത്തിൽ അവർക്ക് കുറ്റപത്രം നൽകി ടി കടക്കാരിൽ നിന്ന് 12,310/- രൂപ പിഴ യിനത്തിൽ ഈടാക്കുകയും ചെയ്തി ട്ടുണ്ട്. കൂടാതെ ഒറ്റപ്പാലം താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ മൂന്ന് റേഷനിംഗ് ഇൻസ്പെക്ടർമാർ ഉൾപ്പെട്ട സ്പെഷ്യൽ സ്ക്വാഡ്. ഊരു കളിൽ ക്യാമ്പ് ചെയ്ത് റേഷൻ വിതരണ ത്തിലെ പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ആദിവാസി വിഭാഗങ്ങൾക്ക് റേഷൻ കടകൾ വഴി അനുവദിച്ചിട്ടുള്ള ഭക്ഷ്യ ധാന്യങ്ങളുടെ പേരും, അളവും വിലയും വ്യക്തമാക്കുമോ; | (ബി) | എ.എ.വൈ.അരി -35 കിലോ വില 1 രൂപ<br>എ.പി.എൽ.അരി - 9 ,, ,, 8.90 ,,<br>ബി.പി.എൽ.അരി - 25 ,, ,, 1/- ,,<br>എ.പി.എൽ.ഗോതമ്പ് - 3 ,, ,, 6.70 ,,<br>ബി.പി.എൽ.ഗോതമ്പ്- 5 ,, ,, 2/- ,,<br>പഞ്ചസാര ഒരാൾക്ക് 400 ഗ്രാം വീതം, വില 13.50 രൂപ. |
| (സി) ഇവർക്ക് നൽകുന്ന മണ്ണെണ്ണയുടെ അളവും വിലയും വ്യക്തമാക്കുമോ; | (സി) | ജൂൺ 2013 ന് അനുവദിച്ച മണ്ണെണ്ണയുടെ അളവും വിലയും<br>ഇ കാർഡുകൾക്ക് 1/2 ലിറ്റർ. വില 16.50<br>എൻ.ഇ.കാർഡുകൾക്ക് 4 ലിറ്റർ. വില 16.50 |

(ഡി) സർക്കാർ നിശ്ചയിച്ചിട്ടുളള അളവിൽ ഒരു മാസം വിതരണം ചെയ്യുന്നതിന് ഈ മേഖലയിലെ എല്ലാ റേഷൻ കടകളിലുമായി ആവശ്യമായിവരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് എത്രയാണ് ; 2013 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വിതരണം ചെയ്ത അളവ് എത്രയാണ്; അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ മറ്റുളളവ തരംതിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഒരു മാസം വിതരണം ചെയ്യുന്നതിന് ആവശ്യമായിവരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ്

ബി.പി.എൽ.അരി - 62 മെ.ടൺ
എ.എ.വൈ.അരി - 300 മെ.ടൺ
ഗോതമ്പ് - 45 മെ.ടൺ
എ.പി.എൽ.അരി - 100 മെ.ടൺ
പഞ്ചസാര - 22 മെ.ടൺ
മണ്ണെണ്ണ 43556 ലിറ്റർ

| മാസം | ബി.പി.എൽ. അരി (എം.റ്റി) | എ.എ.വൈ. അരി (എം.റ്റി) | എ.പി.എൽ. അരി (എം.റ്റി) | ഗോതമ്പ് (എം.റ്റി) | പഞ്ചസാര (കി.ഗ്രാം) | മണ്ണെണ്ണ (ലിറ്റർ) |
|---|---|---|---|---|---|---|
| 2/2013 | 61 | 288 | 83 | 44 | 19930 | 40678 |
| 3/2013 | 63 | 290 | 82 | 42 | 19988 | 3518/ |
| 4/2013 | 62 | 286 | 80 | 43 | 20173 | 36/23 |

(ഇ) ഇവിടുത്തെ റേഷൻകടകൾ വഴി വിതരണം ചെയ്യുന്നത് ഏതെല്ലാം തരത്തിൽപ്പെട്ട അരിയാണ്;

(ഇ) കുത്തരി (മട്ട), എഫ്.സി.ഐ യുടെ വെളള അരി.

(എഫ്) മട്ട അരി വിതരണം ചെയ്യുന്നുണ്ടോ; ഇത് ആദിവാസികൾ കഴിക്കില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ട്. അട്ടപ്പാടിയിലെ കിഴക്കൻ മേഖലകളിൽ മട്ട അരിക്ക് ആവശ്യക്കാർ ഇല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യം അനുസരിച്ച് എല്ലാ റേഷൻ കടയിലും വെളള അരിയും, മട്ടഅരിയും വിതരണത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

(ജി) ആദിവാസികൾ പ്രധാനമായും ആവശ്യപ്പെടുന്നത് ഏതുതരം അരിയാണ്; ഇത് കഴിഞ്ഞ മൂന്നുമാസം ലഭിച്ചതും വിതരണം ചെയ്തതുമായ അളവ് വ്യക്തമാക്കുമോ ?

(ജി) വെളള അരി കൂടുതലായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| മാസം | വെളളഅരി (ലഭിച്ചത്) | വെളളഅരി (വിതരണം ചെയ്തത്) |
|---|---|---|
| 02/2013 | 296 എം.റ്റി. | 270 എം.റ്റി. |
| 03/2013 | 286 എം.റ്റി. | 268 എം.റ്റി. |
| 04/2013 | 246 എം.റ്റി. | 269 എം.റ്റി. |

സെക്ഷൻ ഓഫീസർ